**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

26.06.2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : **432**

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ. പി.ഉബൈദുള്ള**<br>**ശ്രീ. ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ. എൻ.എ.നെല്ലിക്കുന്ന്:** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | അധികാര വികേന്ദ്രീകരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനും പ്രാദേശിക ഭരണ സംവിധാനങ്ങൾ ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഓരോ ജില്ലയിലും ജനസംഖ്യാനുപാതികമായി പഞ്ചായത്തുകളും നഗരസഭകളും വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അധ്യക്ഷനായും, പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. ഈ സമിതി സമർപ്പിച്ച ശുപാർശകൾ 13/02/2019 തീയതിയിലെ സ.ഉ. (കൈ)നം.23/2019/ത.സ്വ.ഭ.വ. നമ്പർ |
| (സി) | ഇക്കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർ നിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ നഗരസഭകളോ നഗരസഭകളെ കോർപ്പറേഷനുകളോ ആക്കി മാറ്റേണ്ട സാഹചര്യം നിലവിലില്ല എന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**